## ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം-ന്റെ നടപടിക്രമം

വിഷയം : പൊതുമരാമത്ത് വകുപ്പ് – വിജിലൻസ് – ശ്രീ.ബിജു ഏലിയാസ്, മൂന്നാം ഗ്രേഡ് ഓവർസീയർ, ബിൽഡിംഗ്സ് സെക്ഷൻ , ഇരിട്ടി – അനധികൃതമായി ജോലിക്ക് ഹാജരാകാത്തത് –സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച് :

സൂചന : 1. ചീഫ് എൻജിനീയർ ഭരണവിഭാഗത്തിന്റെ ഫയൽ നം. ഇ.ബി5/4062/2008.
2. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള ചാർജ്ജ് മെമ്മോയും ആരോപണങ്ങളെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റും തീയതി: 27/07/2011.
3. എക്സിക്യൂട്ടീവ് എൻജിനീയർ, ബിൽഡിംഗ്സ് ഡിവിഷൻ തലശ്ശേരിയുടെ കത്ത് നം. ഇ.1/148/2008 തീയതി: 15/11/2011.
4. ഈ ഓഫീസിൽ നിന്നുള്ള കാരണം കാണിക്കൽ നോട്ടീസ് നം. വിജി.8/3569/2011 തീയതി: 07/11//2015
5. പബ്ളിക്ക് റിലേഷൻസ് വകുപ്പിൽ നിന്നുമുള്ള റിലീസ് ഓർഡർ നമ്പർ 28789/എഫ്2/15/പി.ആർ.ഡി തീയതി 05/12/15

**ഉത്തരവ് നമ്പർ വിജിലൻസ് 8/3569/2011 തീയതി 18/05/2016**

ബിൽഡിംഗ്സ് സെക്ഷൻ, ഇരിട്ടിയിൽ മൂന്നാം ഗ്രേഡ് ഓവർസീയറായി ജോലി നോക്കിയിരുന്ന ശ്രീ.ബിജു ഏലിയാസ് 06/10/2008 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്.

ശ്രീ.ബിജു ഏലിയാസ്, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരത്തിന്റെ അഡൈ്വസ് നമ്പർ ആർ.ഐ.എ(3) 2001 GW തീയതി 29/04/2004 പ്രകാരം, ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗത്തിന്റെ ഉത്തരവ് നമ്പർ ഇബി 5/9200/2007 തീയതി 26/07/04 മുഖാന്തിരം,, ബിൽഡിംഗ്സ് സെക്ഷൻ , ഇരിട്ടി, കണ്ണൂർ ജില്ലയിൽ മൂന്നാം ഗ്രേഡ് ഓവർസീയറായി നിയമിച്ചിട്ടുള്ളതാണ്. ശ്രീ.ബിജു ഏലിയാസ് അഞ്ചു വർഷത്തെ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യാസം ചെയ്യപ്പെടേണ്ട ജൂനിയർ ഓവർസീയർമാരുടെ അംഗീകരിക്കപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം അയക്കണമെന്ന നിർദേശത്താൽ സർക്കാർ മടക്കുകയുണ്ടായി. എന്നാൽ ശൂന്യവേതനാവധി അപേക്ഷ അംഗീകരിക്കുന്നതിന് മുൻപെ 06/10/2008 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അനുവാദം കൂടാതെ തന്നെ രാജ്യം വിടുകയും ചെയ്തു.

മേൽപറഞ്ഞ കാരണങ്ങളാൽ ശ്രീ.ബിജു ഏലിയാസിന് കുറ്റാരോപണ പത്രികയും ആരോപണങ്ങളെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റും നൽകുകയും എന്നാൽ ആയത് തപാൽ വകുപ്പ് അധികൃതർ ടിയാൻ വിദേശത്താണ് എന്ന അഭിപ്രായത്തോട് കൂടി മടക്കി അയച്ചു എന്ന് എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം, തലശ്ശേരി അറിയിക്കുകയും ചെയ്തു. ആയതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ് അനുസരിച്ച് സർവ്വീസിൽ നിന്ന് പിരിച്ച് വിടാതിരിക്കാൻ

മതിയായ കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഒരു മാസത്തിനകം ബോധിപ്പിക്കണമെന്ന് കാണിച്ച് സൂചന 4 മുഖാന്തിരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും , സമയപരിധിക്കകം മതിയായ കാരണം ബോധിപ്പിക്കാതിരുന്നാൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്ന തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് നോട്ടീസിൽ സൂചിപ്പിക്കുകയും ചെയ്തു. ടി നോട്ടീസ് വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി പബ്ളിക്ക് റിലേഷൻസ് വകുപ്പിന് നൽകുകയും, റിലീസ് ഓർഡർ നം.28789/എഫ്2/15/പി.ആർ.ഡി തീയതി 5/12/2015 മുഖാന്തിരം ദേശാഭിമാനി, മംഗളം(എല്ലാ എഡിഷനുകളും) എന്നീ ദിനപത്രങ്ങളിൽ ആയത് പ്രസിദ്ധീകരിച്ചു എന്ന് പി.ആർ.ഡി ൽ നിന്നും അറിയിപ്പ് നൽകുകയും ചെയ്തു. പത്രത്തിൽ നോട്ടീസ് പരസ്യം നൽകിയതിന് ശേഷം നാളിതുവരെ ശ്രീ. ബിജു ഏലിയാസിൽ നിന്നും ഏതൊരു വിധ മറുപടിയും ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീ. ബിജു ഏലിയാസിനെ 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ് പ്രകാരം നൽകിയ 7/11/2015-ലെ കാരണം കാണിക്കൽ നോട്ടീസിൽ അറിയിച്ചിരുന്ന പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ മതിയായ കാരണം ബോധിപ്പിക്കാത്തതിനാൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച 06/10/2008 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പി.കെ സതീശൻ
ചീഫ് എൻജിനീയർ
(ഭരണവിഭാഗം)

സ്വീകർത്താവ്

ശ്രീ.ബിജു ഏലിയാസ്,
മൂന്നാം ഗ്രേഡ് ഓവർസീയർ,
ബിൽഡിംഗ്സ് സെക്ഷൻ ,
ഇരിട്ടി
(എക്സിക്യൂട്ടീവ് എൻജിനീയർ, കെട്ടിടവിഭാഗം, തലശ്ശേരി മുഖാന്തിരം)

പകർപ്പ്. (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം) ഉത്തരവിന്റെ പകർപ്പും ശ്രീ. ബിജു ഏലിയാസ്, ഓവർസിയറിന് നൽകാനുള്ള ഉത്തരവിന്റെ പകർപ്പും സഹിതം എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം, തലശ്ശേരിക്ക് നൽകുന്നു.

പകർപ്പ് ശ്രീ. ബിജു ഏലിയാസിന് നൽകി കൈപ്പറ്റ് പകർപ്പ് ഈ ഓഫീസിൽ അയച്ച് തരേണ്ടതാണ്.

ഡെപ്യൂട്ടി ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ്, (ഭരണവിഭാഗം) ന് അനന്തര നടപടികൾക്കായി നൽകുന്നു.

സൂപ്രണ്ടിംഗ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം, ഉത്തരമേഖല, കോഴിക്കോടിന് നൽകുന്നു.

Website-PWD , EE, Electronics, Tvm